കേരള സർക്കാർ

സംഗ്രഹം

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ക്ഷാമബത്ത 01.07.2011 മുതൽ വർദ്ധിപ്പിച്ചത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

**സ.ഉ.(സാധാ)നം.6/2012/സഹ. തീയതി, തിരുവനന്തപുരം, 03.01.2012.**

---

പരാമർശം:-1. സ.ഉ.(സാധാ)നം.642/11/സഹ. തീയതി 28.11.2011.

2. സഹകരണ സംഘം രജിസ്ട്രാരുടെ 22.11.2011-ലെ ഇ.എം(4)51191/2011 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ക്ഷാമ ബത്ത പരിഷ്കരിച്ച സ്കെയിലിൽ 7% വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സഹകരണ സംഘം രജിസ്ട്രാരുടെ പരാമർശം (2)ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം ഒന്ന് ഉത്തരവിലെ പരിഷ്കരിച്ച സ്കെയിലിലെ ക്ഷാമബത്ത താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിഷ്കരിച്ച സ്കെയിലിൽ**

| പ്രാബല്യ തീയതി | 01.01.2011 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2011 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.07.2011 | 73% | 10% | 83% |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. വി.എം.ഗോപാലമേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
(ആമുഖ കത്ത് സഹിതം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (28.12.2011 ലെ 96467/പിആർയു 2/2011/ധന പ്രകാരം).
എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്കും.
സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ് :- സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ